പാണപ്പുഴ കണാരംവയൽ റോഡ് പുനർനിർമ്മാണം

293 (1337) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ കണാരം വയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാണപ്പുഴ കണാരം വയൽ റോഡിന്റെ (കി.മീ.0/000 മുതൽ 12/800 വരെ) പുനരുദ്ധാരണ പ്രവൃത്തി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ബി.എം.& ബി.സി. ചെയ്യുന്നതിനായി 14.9 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്; അടുത്ത സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി പരിഗണിക്കുന്നതാണ്.

ദേശീയപാത വികസനം

294 (1338) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് കേന്ദ്രം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയെ ഏൽപ്പിച്ചിരുന്നു. ഇതിൻ

LIBRARY ARCHIVES Kerala Legislative Assembly

993/18

പ്രകാരം എൻ.എച്ച്. 17-ഉം 47-ഉം എൻ.എച്ച്.ഡി.പി ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ദേശീയപാത 47-ലെ മണ്ണുത്തി മുതൽ അങ്കമാലി വരെ 4 വരിപ്പാതയാക്കുന്നതും അങ്കമാലി മുതൽ ഇടപ്പള്ളിവരെയുള്ള നവീകരണം നടത്തുന്നതും പൂർത്തിയാക്കിയിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ 6 വരിപ്പാതയാക്കലും വാളയാർ മുതൽ വടക്കഞ്ചേരി വരെ നാലു വരിപ്പാതയാക്കുന്നതും പുരോഗമിച്ചുവരുന്നു. ദേശീയ പാതയുടെ ഭാഗമായുള്ള വിവിധ ബൈപ്പാസുകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് പൂർണ്ണമായും കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 50% കേന്ദ്ര സഹായം ലഭിക്കുന്നതാണ്. മറ്റു ദേശീയ പാതകളുടെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. ദേശീയ പാതകളായ എൻ.എച്ച്. 208, എൻ.എച്ച്. 49, എൻ. എച്ച് 220, എൻ. എച്ച് 213 എന്നിവയുടെ വിവിധ ഭാഗങ്ങൾ വികസിപ്പിക്കുന്നതിന് 2014-15 വർഷത്തെ കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലം

295 (1339) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 29-1-2015-ന് ഏതെങ്കിലും മീറ്റിംഗ് നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മീറ്റിംഗിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടു ; വിശദമാക്കാമോ ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നോ; എങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് 29-1-2015-ലെ മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly